"ഭരണഭാഷ-മാതൃഭാഷ"

**വ്യാവസായിക പരിശീലന വകുപ്പ്**

(കേരള സംസ്ഥാനം)

**ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം**

**(നിലവിൽ : ഷമ്മി ബേക്കർ എ )**

**വിഷയം** :- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ് –ശ്രീ.മുരളീധരൻ എൻ, ഗ്രൂപ്പ് ഇൻസ്ട്രക്ടർ, ഐ.ടി.ഐ പേരാമ്പ്ര ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, ഏറണാകുളത്ത് ഫയൽ ചെയ്ത OA(E) 382/2024 നമ്പരായ ഹർജ്ജിയിന്മേലുള്ള 18.6.2024 തീയതിയിലുള്ള അന്തിമ ഉത്തരവ് നടപ്പിലാക്കി ഉത്തരവാകുന്നു.

**പരാമർശം**:- 1) പ്രിൻസിപ്പാൾ ഐ.ടി.ഐ പേരാമ്പ്ര യുടെ 06.03.2024 ലെ ITI-PBA/74/2023-A6 നമ്പരായ കത്തും, ശ്രീ.മുരളീധരൻ എൻ -ന്റെ 05.03.2023, 07.03.2024 തീയതികളിലെ അപേക്ഷകൾ .

2) 01.3.2024 ലെ DT/3194/2023-A6 നമ്പരായ ഉത്തരവ്.

3 ) ശ്രീ.മുരളീധരൻ എൻ, ഗ്രൂപ്പ് ഇൻസ്ട്രക്ടർ, ഐ.ടി.ഐ പേരാംബ്ര ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, ഏറണാകുളത്ത് ഫയൽ ചെയ്ത OA(E) 382/2024 നമ്പരായ ഹർജ്ജിയിന്മേലുള്ള 18.6.2024 തീയതിയിലുള്ള അന്തിമ ഉത്തരവ്.

**ഉത്തരവ് നമ്പര്: DT/1604/2024-A6 തീയതി: 26-07-2024**

പേരാമ്പ്ര ഐ.ടി.ഐ യിലെ ഗ്രൂപ്പ് ഇൻസ്ട്രക്ടർ ആയ ശ്രീ. മുരളീധരൻ എൻ കോഴിക്കോട് ഐ.ടി.ഐ യിൽ ഗ്രൂപ്പ് ഇൻസ്ട്രക്ടർ തസ്തികയിൽ ഉണ്ടായിട്ടുള്ള ഒഴിവിലേയ്ക്ക് സ്ഥലം മാറ്റത്തിനായി അപേക്ഷ സമർപ്പിച്ചിട്ടും, ടിയാളുടെ അപേക്ഷ പരിഗണിക്കാതെ ടിയാളുടെ ജൂനിയർ ആയിട്ടുള്ള ജീവനക്കാരന് പരാമർശം (2) ഉത്തരവ് പ്രകാരം സ്ഥലം മാറ്റം അനുവദിച്ചെന്നു കാണിച്ച് പ്രസ്തുത സ്ഥലം മാറ്റത്തിനെതിരെ ടിയാൻ അനോമലി അപേക്ഷ വകുപ്പിന് സമർപ്പിക്കുകയും, വകുപ്പ് ആയത് പരിശോധിച്ച് ടിയാന് സ്ഥലം മാറ്റത്തിന് അർഹത ഇല്ല എന്ന് കണ്ടെത്തി ടിയാന്റെ അപേക്ഷ തീർപ്പാക്കുകയും ചെയ്തിരുന്നു. എന്നാൽ ശ്രീ.മുരളീധരൻ എൻ, ഗ്രൂപ്പ് ഇൻസ്ട്രക്ടർ, ടിയാൻ കൊയിലാണ്ടി സ്വദേശി ആണെന്നും വീട്ടിൽ നിന്നും 40 കിലോമീറ്ററിലധികം യാത്ര ചെയ്താണ് ടിയാൻ pപേരാമ്പ്ര ഐ.ടി.ഐ യിൽ ജോലി ചെയ്ത് വരുന്നത് എന്നും, 85 വയസ്സിൽ അധികം പ്രായമുള്ള വാർദ്ധക്യ സഹജമായ രോഗത്താൽ ബുദ്ധിമുട്ടുന്ന അച്ഛനും, 82 വയസ്സുള്ള രോഗിയായ അമ്മയും ടിയാളുടെ സംരക്ഷണനയിലാണെന്നും, റിട്ടയർ ചെയ്യാൻ കേവലം 26 മാസം മാത്രം സർവ്വീസ് ബാക്കിയുള്ള ടിയാളുടെ അപേക്ഷ പരിഗണിക്കാതെ ടിയാളെക്കാൾ ജൂനിയറായ ജീവനക്കാരന് കോഴിക്കോട് ഐ.ടി.ഐ.യിലേക്ക് ട്രാൻസ്ഫർ നൽകി നിയമിച്ചത് ക്രമ വിരുദ്ധവും, അന്യായവും വിവിധ സർക്കാർ ഉത്തരവുകളുടെ ലംഘനവും ആണെന്ന് കാണിച്ച് ബഹു.കേരള അഡ്മിനിസസ്ട്രേറ്റീവ് ട്രൈബ്യൂണൽ, ഏറണാകുളത്ത് OA(E) 382/2024 നമ്പരായ ഹർജ്ജി ഫയൽ ചെയ്തിരുന്നു.

ടിയാൻ ഫയൽ ചെയ്ത OA(E) 382/2024 നമ്പരായ ഹർജ്ജിയിന്മേലുള്ള 18.6.2024 തീയതിയിലുള്ള അന്തിമ ഉത്തരവിൽ ഹർജ്ജിക്കാരൻ ടിയാളുടെ ഹോം ഡിസ്ട്രിക്റ്റിൽ തന്നെ ജോലി ചെയ്യുന്നതിനാലും ടിയാൻ ഇപ്പോൾ ജോലി ചെയ്യുന്ന സ്റ്റേഷനും ടിയാൻ സ്ഥലം മാറ്റാൻ ആഗ്രഹിക്കുന്ന സ്റ്റേഷനും തമ്മിലുള്ള ദൂരത്തിൽ വലിയ വ്യത്യാസമില്ലാത്തതിനാലും, കാസർഗോഡ് ഐ.ടി.ഐ യിൽ സേവനത്തിലുണ്ടായിരുന്ന ശ്രീ.പ്രശാന്ത് സി എം എന്നയാളെ കോഴിക്കോട് ഐ.ടി.ഐ.യിൽ നിയമിച്ച ഉത്തരവിൽ യുക്തിഹീനതയോ അല്ലെങ്കിൽ ഏകപക്ഷീയതയോ കണ്ടെത്തിയില്ല എന്നും, എന്നിരുന്നാലും ടിയാന്റെ മാതാപിതാക്കളുടെ അനാരോഗ്യത്തിന്റെ അടിസ്ഥാനത്തിലോ, ടിയാന്റെ വിരമിക്കൽ തീയതിയുടെ അടിസ്ഥാനത്തിലോ മുൻഗണന ഉണ്ട് എങ്കിൽ ടിയാന് ഭാവിയിൽ സ്ഥലം മാറ്റത്തിന് അപേക്ഷിക്കുവാൻ അവകാശമുണ്ടെന്നും, പരാതിക്കാരന് അനുയോജ്യമായ സ്റ്റേഷനിൽ ഭാവിയിൽ കോഴിക്കോട് ജില്ലയിൽ ഗ്രൂപ്പ് ഇൻസ്ട്രക്ടർ തസ്തികയിൽ ഒഴിവുണ്ടാകുന്ന പക്ഷം ടിയാന്റെ അപേക്ഷയ്ക്ക് മുൻഗണന നൽകണമെന്നും കോടതി ഉത്തരവായിട്ടുണ്ട്.

ശ്രീ.മുരളീധരൻ എൻ, ഗ്രൂപ്പ് ഇൻസ്ട്രക്ടർ, കൊയിലാണ്ടി സ്വദേശി ആണെന്ന് ടിയാന്റെ ഹർജ്ജിയിൽ വ്യക്തമാക്കിയിട്ടുണ്ട്. നിലവിൽ ടിയാന്റെ സ്വദേശത്തുള്ള ഐ.ടി.ഐ കൊയിലാണ്ടിയിലെ ഗ്രൂപ്പ് ഇൻസ്ട്രക്ടർ ആയ ശ്രീമതി ജ്യോതി കെ യ്ക്ക് പ്രിൻസിപ്പാൾ ക്ലാസ്സ് II തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചതിന്റെ ഭാഗമായി ഗ്രൂപ്പ് ഇൻസ്ട്രക്ടർ തസ്തികയിൽ ഒരു ഒഴിവ് ഉണ്ടായിട്ടുണ്ട്.

മേൽപ്രസ്താവിച്ച സാഹചര്യത്തിൽ OA(EKM)382/2024 നമ്പരായ ഹർജ്ജിയിന്മേലുള്ള 18.6.2024 തീയതിയിലുള്ള അന്തിമ ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ശ്രീ.മുരളീധരൻ എൻ, ഗ്രൂപ്പ് ഇൻസ്ട്രക്ടർ ഐ.ടി.ഐ പേരാമ്പ്രയെ ഐ.ടി.ഐ കൊയിലാണ്ടിയിലേയ്ക്ക് സ്ഥലം മാറ്റി നിയമിച്ച് ഉത്തരവാകുന്നു. ശ്രീമതി ജ്യോതി കെ , ഗ്രൂപ്പ് ഇൻസ്ട്രക്ടർ വിടുതൽ ചെയ്യുന്ന മുറയ്ക്ക് ടിയാൻ കൊയിലാണ്ടി ഐ.ടി.ഐ യിൽ സേവനത്തിൽ പ്രവേശിക്കേണ്ടതാണ്. ഇപ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് നടപ്പാക്കി ഉത്തരവാകുന്നു.

**ജോയിന്റ് ഡയറക്ടർ**

**സ്വീകർത്താവ് :**
ശ്രീ. മുരളീധരൻ എൻ ,ഗ്രൂപ്പ് ഇൻസ്ട്രക്ടർ ,ഐ.ടി.ഐ പേരാമ്പ്ര (സ്ഥാപന മേധാവി മുഖേന)
**പകർപ്പ് :**
പ്രിൻസിപ്പാൾ ഐ.ടി.ഐ പേരാമ്പ്ര/എ.ജി കേരള/സ്റ്റോക്ക് ഫയൽ

Signed by
Shammi Baker A
Date: 26-07-2024 17:26:11

**//ഉത്തരവിൻ പ്രകാരം//**

സീനിയർ സൂപ്രണ്ട്